മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ......(ചോദ്യം നമ്പർ *391)

**വിനോദ സഞ്ചാര മേഖലയിലെ സ്വകാര്യ പങ്കാളിത്തം**

(*391) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. യു. എ. ലത്തീഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ നിക്ഷേപം നടത്തുന്നവർക്ക് വ്യവസായമേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് നൽകുന്നതുപോലെയുള്ള എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ വിവിധങ്ങളായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1. കാരവാൻ ടൂറിസം

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചാരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്ന തീരുമാനത്തിന്റെ ഭാഗമായി ഒരു നവീന ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യം കൂടി മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കി വരുന്നത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. കാരവൻ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവൻ പാർക്കുകളുടെ നിർമ്മാണത്തിൽ വൻ സ്വകാര്യ പങ്കാളിത്തമാണുള്ളത്. പത്തു കാരവനുകൾ സ്വകാര്യ സംരഭകരുടേതായി സർവീസ് ആരംഭിച്ചുകഴിഞ്ഞു.

വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തു. 5 പാർക്കിന്റെ പണി പുരോഗമിക്കുന്നു. 25 ഓളം കാരാവനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പുതുതായി 150 കാരവൻ പാർക്കുകൾ നിർമ്മിക്കാൻ സ്വകാര്യമേഖല തയാറായിട്ടുണ്ട്.

2. മാർക്കറ്റിംഗ് മേഖല

കേരള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച് അവരുടെകൂടി അഭിപ്രായം പരിഗണിച്ചാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനുവേണ്ടി പാർട്ടണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ദേശീയ അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകർ കൂടി കേരള പവലിയന്റെ ഭാഗമായി പങ്കെടുത്തുവരുന്നു. ഈ വർഷം കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ട്, പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234 വിദേശ ബയറർമാരും 897 ആഭ്യന്തര ബയറർമാരും

ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരളാ ട്രാവൽമാർട്ടിൽ പങ്കെടുത്തു. ഇത് ഏറെ അവേശകരമായ അനുഭവമാണ്.

3. അടിസ്ഥാന സൗകര്യ വികസനം

വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വകുപ്പ് ചെയ്തുവരുന്നുവെങ്കിലും ഇങ്ങനെ പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്വകാര്യ സംരംഭകരുമായി സഹകരിച്ചാണ് നടത്തിവരുന്നത്.

തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റി മേൽനോട്ടം വഹിക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ സാഹസിക വിനോദങ്ങൾക്കായുള്ള വിദഗ്ധരുടെ സേവനം, സുരക്ഷാ ഭടന്മാർ, പൂന്തോട്ടത്തിന്റെ പരിപാലനം തുടങ്ങിയവയും മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടന്റെ പ്രവർത്തന ചുമതല, സൗണ്ട് & ലൈറ്റ് ഷോയുടെ പ്രവർത്തന ചുമതല എന്നിവയും സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

ചടയമംഗലത്തുള്ള ജടായു ടൂറിസം പദ്ധതി, കോവളം ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന സംരംഭക വികസന പ്രവർത്തനങ്ങളിൽ സാധാരണക്കാരും ഇടത്തരക്കാരുമായ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് പദ്ധതികൾ നടപ്പാക്കുന്നത്.

ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വെബ്സൈറ്റിന്റെ ഭാഗമായി 'മൈക്രോ സൈറ്റ്' ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സ്വകാര്യ സംരംഭകർ വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹനവും സഹായ സഹകരണവും നല്കുന്നതിനുമാണ്.

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, 10 അഡ്വഞ്ചർ ആക്ടിവിറ്റി പ്രൊവൈഡേഴ്സിന് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് ഇവർ സ്വന്തം നിക്ഷേപത്തിൽ അഡ്വഞ്ചർ ആക്ടിവിറ്റി പ്രവർത്തനങ്ങൾ നടത്തിവരുന്നു

(ബി) 11-07-1986 തീയതിയിലെ G.O.(P) No.224/86/GAD നമ്പർ സർക്കാർ ഉത്തരവുപ്രകാരം ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി,

ഇലക്ട്രിസിറ്റി സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ ടൂറിസം മേഖലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവനുകൾ വാങ്ങുന്നതിന് ചെലവായ തുകയുടെ നിശ്ചിത ശതമാനം തുക സബ്സിഡി നൽകുന്നു. സബ്സിഡി പരമാവധി 7.5 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. സബ്സിഡികൾ താഴെപ്പറയുന്ന രീതിയിലാണ് നൽകുന്നത്.

1. ആദ്യം വാങ്ങുന്ന 100 കാരവനുകൾക്ക് - പരമാവധി 7.5 ലക്ഷം രൂപയോ കാരവൻ വിലയുടെ 15 ശതമാനമോ ഏതാണോ കുറവ് അത് നൽകുന്നതായിരിക്കും.

2. 101 മുതൽ 200 കാരവൻ വരെ പരമാവധി 5 ലക്ഷം രൂപയോ കാരവൻ വിലയുടെ 10 ശതമാനമോ ഏതാണോ കുറവ് അത് നൽകുന്നതായിരിക്കും.

3. 201 മുതൽ 300 കാരവൻ വരെ പരമാവധി 2.5 ലക്ഷം രൂപയോ കാരവൻ വിലയുടെ 5 ശതമാനമോ ഏതാണോ കുറവ് അത് നൽകുന്നതായിരിക്കും.

കേരളീയ വാസ്തുവിദ്യാ ശൈലിയിൽ നിർമ്മിച്ചിരിക്കുന്ന സ്വകാര്യ മേഖലയിലെ പൈതൃക വീടുകളെ സംരക്ഷിക്കുന്നതിനും അവിടെ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനുമുള്ള 'ഗൃഹസ്ഥലി പദ്ധതി' ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇതനുസരിച്ച് പൈതൃക ഗൃഹം നവീകരിക്കുന്നതിന് ആവശ്യമായ തുകയുടെ 25 ശതമാനം (പരമാവധി 5 ലക്ഷം രൂപ) വരെ സബ്സിഡി ആയി ടൂറിസം വകുപ്പ് നൽകുന്നു.

ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകി വരുന്നുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ടൂറിസ്റ്റുകളെ മലബാർ മേഖലയിലേക്ക് ആകർഷിക്കുന്നതിന് സർക്കാർ ഒരുപാട് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. പക്ഷേ അത്തരം പദ്ധതികൾ ചില ജില്ലകളിൽമാത്രം ഒതുങ്ങിപോകുന്നുയെന്നതാണ് ഞങ്ങളുടെ പരിഭവം. കാസർഗോഡ് നല്ല പ്രകൃതി രമണീയമായ ജില്ലയാണ്. ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് വരുമ്പോഴൊക്കെ ആ പ്രകൃതി രമണീയത ആസ്വദിക്കാറുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ നദികളുള്ള ജില്ലയാണ് കാസർഗോഡ്. ടൂറിസം

മേഖലയിൽ കാസർഗോഡിനെ പ്രമോട്ട് ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; അതുപ്പോലെത്തന്നെ ഗൾഫിൽനിന്നും ധാരാളം ആളുകൾ  തിരിച്ചുവരുന്നുണ്ട്. അവർക്ക് ടൂറിസം മേഖലയിൽ പണം നിക്ഷേപിക്കാൻ താൽപര്യമുണ്ട്. അത്തരം കാര്യങ്ങളിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. മലബാർ ടൂറിസത്തിന്റെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ നമുക്ക് ഇനിയും സാധിക്കേണ്ടതുണ്ട്. ഇക്കാര്യം പ്രകടനപത്രികയിലും സൂചിപ്പിച്ചിട്ടുള്ളതാണ്. കേരള ടൂറിസത്തിനാകെ അതിന്റെ ഗുണമുണ്ടാകും. കേരളത്തിൽ മൊത്തം സഞ്ചാരികൾ വരുന്നതിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ മലബാറിൽ നിന്നുള്ളവർ അഞ്ച് ശതമാനം മാത്രമാണ്. അതായത് നൂറിൽ അഞ്ചുപേർ. പക്ഷേ അതിന്റെ സാധ്യതകൾ ഇനിയുമേറെയുണ്ട്. അതുകണ്ടുകൊണ്ടാണ് ടൂറിസം വകുപ്പ് ഇടപ്പെട്ട് മുന്നോട്ടുപോകുന്നത്. അദ്ദേഹത്തിന് കൃത്യമായി മനസ്സിലാകാത്തതുകൊണ്ടാണ് ഇപ്രകാരം  പറഞ്ഞത്. കാസർഗോഡിന് പ്രത്യേക ശ്രദ്ധയാണ് സർക്കാർ ഇത്തവണ തുടക്കം മുതൽ കൊടുത്തിട്ടുള്ളത്.

അതിന്റെ ഭാഗമായി കാസർഗോഡ് ജില്ല രൂപംകൊണ്ടതിനുശേഷം അതിന്റെ ചരിത്രത്തിൽ ഏറ്റവും അധികം ആഭ്യന്തര സഞ്ചാരികൾ ഇത്തവണ 2022 ഫസ്റ്റ് ക്വാർട്ടറിൽ ഉണ്ടായിയെന്നുള്ള സന്തോഷ വിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2022 ജനുവരിയിൽ 23090 പേരും 2022 ഫെബ്രുവരിയിൽ 23754 പേരും 2022 മാർച്ച് അതായത് ഫസ്റ്റ് കോർട്ടറിൽ 28391 പേരും ഉൾപ്പെടെ ഫസ്റ്റ് ക്വാർട്ടറിൽ ടോട്ടൽ 75175 പേരാണുള്ളത്. 2021-ൽ കോവിഡായതിനാൽ താരതമ്യം ചെയ്യാൻ കഴിയില്ല. 2021-നെക്കാൾ 163 ശതമാനം വർദ്ധനവുണ്ടായി. കാസർഗോഡ് ജില്ല രൂപംകൊണ്ടതിനുശേഷം ഫസ്റ്റ് ക്വാർട്ടറിൽ ഇത്രയുമധികം ആഭ്യന്തര സഞ്ചാരികൾ ആദ്യമായിട്ടാണ്. വയനാട് എടുത്ത് പരിശോധിച്ചാൽ, വടനാടിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ആഭ്യന്തര സഞ്ചാരികൾ വന്നത് 2022 ഫസ്റ്റ് ക്വാർട്ടറിലാണ്. അതിന്റെ പിന്നിൽ സർക്കാരിന്റെ കഠിന ശ്രമമുണ്ട്. വയനാടിനെ സംബന്ധിച്ച് നേരത്തെ സഭയിൽ പറഞ്ഞതാണ്, മാർക്കറ്റിംഗിന് ബാംഗ്ലൂരിനെ concentrate ചെയ്യണം. മൈസൂരിലേക്ക് വയനാട്ടിൽ നിന്നും 150 കി. മീറ്ററേയുള്ളൂ. പ്രധാന ഐ. ടി. ഹബ്ബാണ് ബാംഗ്ലൂർ. ബാംഗ്ലൂരിലുള്ളവർ മൈസൂരിൽ

വരുന്നതുപോലെത്തന്നെ വയനാട്ടിൽ വരുന്നതിനുവേണ്ടി പ്രത്യേക മാർക്കറ്റിംഗ് നടത്തുന്നുണ്ട്. ബാംഗ്ലൂർ എഫ്. എം. റേഡിയോയിലും സിനിമ തിയേറ്റർ, ന്യൂസ് പേപ്പർ എന്നിവയിലും വയനാട് ടൂറിസത്തിന്റെ പരസ്യങ്ങൾ കൊടുത്തു. അതിന്റെ ഭാഗമായി വയനാട് വലിയ നിലയിലേക്ക് കുതിച്ചു. ബേപ്പൂരിൽ 2021 ഡിസംബർ മാസം വാട്ടർ ഫെസ്റ്റ് സംഘടിപ്പിച്ചു. അഞ്ച് ദിവസംകൊണ്ട് മൂന്നരലക്ഷം പേരാണ് വാട്ടർ ഫെസ്റ്റിൽ പങ്കെടുത്തത്. മലബാർ ടൂറിസത്തിന് പ്രത്യേക ശ്രദ്ധ നൽകി മുന്നോട്ടുപോകാൻ ഇടപെടലുകൾ നടത്തും. ഇപ്പോഴുള്ള പുതിയ ട്രെൻഡുകളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി മുന്നോട്ട് പോകാൻതന്നെയാണ് ടൂറിസം വകുപ്പ് ശ്രദ്ധിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ ടൂറിസ്റ്റുകൾ രാവിലെ വന്ന് വൈകുന്നേരം ആകുമ്പോൾ തിരിച്ചുപോയാൽ നമുക്കും ഗുണമില്ല, ടൂറിസ്റ്റുകൾക്കും ഗുണമില്ല. അവർ രണ്ടുമൂന്ന് ദിവസം അവിടെ താമസിച്ചാൽ മാത്രമെ നമുക്ക് വരുമാനമുണ്ടാവുകയുള്ളൂ. കാസർഗോഡ് കോട്ടകളുടെ നാടാണെന്ന്

നമുക്കറിയാം. കേരളത്തിൽ ഏറ്റവും കൂടുതൽ കോട്ടകളുള്ള ജില്ലയാണ് കാസർഗോഡ്. പ്രസക്തമായ ബേക്കൽ കോട്ടയെക്കുറിച്ച് ഞാനിവിടെ പരാമർശിക്കേണ്ട ആവശ്യമില്ല. ആർക്കിയോളജി വകുപ്പിന്റെ കീഴിലുള്ള പല കോട്ടകളും ഇന്നിപ്പോൾ വിസ്മൃതിയിലും വിനാശത്തിലുമാണ്. ആ കോട്ടകളെ ടൂറിസം - ആർക്കിയോളജി വകുപ്പുകൾ ഏറ്റെടുത്ത് സംരക്ഷിക്കുവാനും ടൂറിസ്റ്റുകളെ ആകർഷിക്കുവാനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോയെന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് പരിഗണിക്കാവുന്ന വിഷയമാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച നടത്താവുന്നതാണ്. പൊതുവെ മലബാർ നേരിടുന്നൊരു പ്രശ്നം താമസിക്കാനുള്ള ഹോട്ടലുകളുടെ കുറവാണ്. അതൊരു പ്രധാന പ്രശ്നമാണ്. അതുകണ്ടുകൊണ്ട് പരിഹരിക്കാനുള്ള ഇടപെടലുകളാണ് ഇപ്പോൾ പൊതുവെ നടത്തികൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും ചില ശ്രമങ്ങൾ സർക്കാർ ഇപ്പോൾതന്നെ തുടങ്ങിയിട്ടുണ്ട്. പരമാവധി താമസ സൗകര്യം ഉണ്ടാകണം. സഞ്ചാരികൾ വിദേശത്തുനിന്നോ മറ്റുസംസ്ഥാനങ്ങളിൽനിന്നോ വന്നാൽ താമസിക്കാൻ

ഇടമുണ്ടെങ്കിലല്ലേ മൂന്നോ, നാലോ, അഞ്ചോ ദിവസം നിൽക്കുകയുള്ളൂ. അപ്പോൾ നല്ല ഹോട്ടലുകളും ഹോം സ്റ്റേകളും വർദ്ധിപ്പിക്കാനുള്ള പ്രത്യേക ശ്രദ്ധ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ വിഷയം വച്ചുകൊണ്ട് പരിശോധിച്ച് മുന്നോട്ടുപോകുന്നതാണ്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. ഉബൈദുള്ള: സർ, വലിയ സാധ്യതയുള്ള മേഖലയാണ് സഹകരണമേഖല. സർക്കാരിനും സ്വകാര്യമേഖലയ്ക്കുമിടയിലുള്ള ഏറ്റവും വലിയ സാമ്പത്തിക സ്രോതസ്സാണിത്. നമ്മുടെ സഹകരണമേഖലകളിൽ കോടാനുകോടിരൂപ കെട്ടിക്കിടക്കുകയാണ്. സഹകരണ സ്ഥാപനങ്ങൾ ടൂറിസം വകുപ്പുമായി ചേർന്ന് സഹകരണമേഖലയിൽ ടൂറിസം പദ്ധതികൾക്ക് രൂപം നൽകാൻ സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ഒരു തവണ ചർച്ച നടത്തിയതാണ്.

ഒരിക്കൽക്കൂടി ചർച്ച നടത്താം. ഇതിൽവരുന്ന പ്രശ്നം, ഒരു വേൾഡ് ട്രെൻഡുമായി കൂട്ടിവായിച്ചുകൊണ്ട് പോകേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നത്. ടൂറിസം ലെഡ് റിക്കവറി ലോകത്താകെയുള്ള ഒരു ട്രെൻഡാണ്. കോവിഡാനന്തര കാലഘട്ടത്തിൽ നമ്മുടെ സമ്പദ്ഘടനയുടെ വീണ്ടെടുപ്പിന് ടൂറിസം കേന്ദ്രബിന്ദുവാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നത് ഇപ്പോൾ ലോകരാജ്യങ്ങൾ ശ്രദ്ധിക്കുന്ന കാര്യമാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ജീവനോപാധികളുമായി ബന്ധപ്പെട്ട് വിവിധ ജനകീയ സംരംഭങ്ങളെ വളർത്തിയെടുക്കുക, സാംസ്കാരിക വിനിമയം അഥവാ കൾച്ചറൽ എക്സ്ചേഞ്ച് വർദ്ധിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങി നിരവധി മേഖലകളിൽ ടൂറിസത്തിന് പ്രധാന പങ്ക് വഹിക്കാൻ സാധിക്കും. ഒരു വേൾഡ് ട്രെൻഡായി ടൂറിസം ലെഡ് റിക്കവറി വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ച കാര്യവും പരിശോധിക്കാം. കൃഷി, മത്സ്യബന്ധനം, ഗതാഗതം, വിദ്യാഭ്യാസം, ഹോട്ടൽ റെസ്റ്റോറന്റ് സെക്ടർ, ഷോപ്പിംഗ് മാളുകൾ, സുവനീറുകൾ എന്നീ മേഖലകൾ തമ്മിൽ ഫലപ്രദമായ ഒരു നെറ്റ് വർക്കിംഗ് സാധ്യമാക്കി

സമ്പദ്‌വ്യവസ്ഥയുടെ ആകെയുള്ള തിരിച്ചുവരവിന് സൗകര്യമൊരുക്കാൻ ടൂറിസത്തിന് കഴിയും. ഇക്കാര്യത്തിൽ കേരളത്തിന് വലിയ മാതൃക സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് ടൂറിസം വകുപ്പ് പ്രതീക്ഷിക്കുന്നത്. ടൂറിസം ലെഡ് റിക്കവറി എല്ലാ വകുപ്പുകളുമായി കൈകോർത്തുകൊണ്ട് ആലോചിക്കേണ്ട ഒരു കാര്യമാണ്. ആ നിലവിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നിവരുമായി ചർച്ച ചെയ്ത് വേൾഡ് ട്രെൻഡായ ടൂറിസം ലെഡ് റിക്കവറിയെ കേരളത്തിൽ എങ്ങനെ ഒരു ട്രെൻഡാക്കി മാറ്റാമെന്ന് പരിശോധിക്കും. അതിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മേഖലയെക്കുറിച്ചുകൂടി പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിന്റെ കവാടമാണ് മഞ്ചേശ്വരം. ഇത് ഭാഷസംഗമഭൂമിയാണ്, പൂന്തോട്ടത്തിന്റെയും കോഴി അങ്കത്തിന്റെയും സാംസ്കാരിക പൈതൃകം പേറുന്ന ഒരു മണ്ണാണിത്. നിരവധി കായലുകൾ, ബീച്ചുകൾ, മാലിക് ദീനാർ പള്ളി, അനന്തേശ്വ ക്ഷേത്രം അടക്കമുള്ള വളരെ മനോഹരമായ ഡെസ്റ്റിനേഷനുകൾ ഉൾക്കൊള്ളുന്ന, ടൂറിസ്റ്റിനെ ആകർഷിക്കാൻ സാധിക്കുന്ന ഒരു പ്രദേശമാണിത്. ബേക്കൽ ഫോർട്ട് കാണാനാണ് ഏറ്റവും കൂടുതൽ ആളുകൾ

കാസർഗോഡ് എത്തുന്നത്. താമസിക്കാനുള്ള സൗകര്യമില്ലാത്തതാണ് ഇവിടത്തെ ഒരു പ്രധാന പ്രശ്നം. എന്റെ മണ്ഡലത്തിന്റെ അതിർത്തിയായ തലപ്പാടിയിൽ എന്റെ കുഞ്ഞുനാളുമുതൽ ഞാൻ കാണുന്നൊരു ഹോട്ടലാണ് മോട്ടൽ ആരാം. എന്തോ കാരണത്താലത് നശിച്ചുപോയി. കേരളത്തിന്റെ അതിർത്തിയായ മംഗലാപുരത്ത് ഏറ്റവും കൂടുതൽ മലയാളിക്കുട്ടികളാണ് എം.ബി.ബി.എസ്.-ന് അടക്കം പഠിക്കുന്നത്. വിമാനത്താവളവും തുറമുഖവും ഇതിനടുത്താണ്. ഇവിടെ നല്ല ഭൂമിയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. എ. കെ. എം. അഷ്റഫ്: കേരളത്തിന്റെ കവാടത്തിൽ പി.പി.പി. മോഡലിൽ വളരെ മനോഹരമായ, ഗോഡ്സ് ഓൺ കൺട്രിയുടെ സന്ദേശം കൈമാറുന്ന ഒരു ഫൈവ് സ്റ്റാർ ഹോട്ടലിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ മുന്നോട്ടുവച്ച വിഷയം എങ്ങനെ നടപ്പാക്കാമെന്ന് ചർച്ച ചെയ്ത് പരിശോധിക്കാം. പൊതുവെ ഹോസ്പിറ്റാലിറ്റി വർദ്ധിപ്പിക്കാനായി എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാം. അതിന്

ഏതൊക്കെ നിലയിൽ പരിശോധിക്കാമോ അതെല്ലാം പരിശോധിച്ച് മുന്നോട്ടുപോകാം

ശ്രീ. യു. എ. ലത്തീഫ്: സർ, എട്ട് വർഷങ്ങൾക്കുമുമ്പ് മഞ്ചേരി മുനിസിപ്പിലിറ്റി ടൂറിസം വകുപ്പിന് കൈമാറിയ ചെരണിയിലുള്ള പാർക്ക് ഇപ്പോൾ യാതൊരു അറ്റകുറ്റപ്പണികളും ചെയ്യാതെ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പാർക്ക് പുനരുദ്ധരിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പരിശോധിച്ച് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാം.

ശ്രീ സജി ചെറിയാൻ: സർ, കേരളത്തിന്റെ ടൂറിസം മേഖലയിൽ നല്ല രീതിയിലുള്ള ഇടപെടൽ നടത്തുന്ന വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ടൂറിസം വികസനത്തിന് അനന്ത സാധ്യതകളുള്ള മണ്ഡലമാണ് ചെങ്ങന്നൂർ. പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും ഒഴുകുന്ന പ്രദേശമാണിത്. എന്നാൽ ഈ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൂറിസം പദ്ധതിപോലുമില്ലാത്ത

കേരളത്തിലെ ഏക മണ്ഡലമാണ് ചെങ്ങന്നൂർ നിയോജകമണ്ഡലം. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഈ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ പരിഗണന നൽകുമോ ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശ്രീ. സജി ചെറിയാൻ തുടക്കത്തിൽത്തന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണിത്. അതിന്റെ ഭാഗമായി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂരിന്റെ ചരിത്രപരമായ പ്രത്യേകതകളും മറ്റ് കാര്യങ്ങളും പരിശോധിച്ച് പരിഗണിക്കാവുന്ന വിഷയമാണിത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടൂറിസത്തിന് ഏറ്റവും കൂടുതൽ സാധ്യതകളുള്ള സംസ്ഥാനമാണ് കേരളം. അരകിലോമീറ്ററിനുള്ളിലും മുക്കാൽ കിലോമീറ്ററിനുള്ളിലുമുള്ള ചെറിയ ടൂറിസ്റ്റ് സ്പോട്ടുകൾ നന്നാക്കിവച്ചാലും കേരളത്തെ മൊത്തമെടുക്കുമ്പോൾ ഭാവി തലമുറയ്ക്ക് അത് ഗുണകരമാവുകയില്ല. നമ്മുടെ നഗരഹൃദയത്തിലൂടെ ഒഴുകുന്ന നദികളുണ്ട്. ഉദാഹരത്തിന്, കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന നദിയായ മീനച്ചിലാറിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന താഴത്തങ്ങാടി ഒരു

ടൂറിസ്റ്റ് സ്പോട്ടാണ്. ആ സ്പോട്ട് മാത്രം നന്നാക്കിയതുകൊണ്ടായില്ല, ഒരു മേജർ സ്കീമെന്ന നിലയിൽ ഒരു വർഷത്തിൽ ഒരു സ്പോട്ടെങ്കിലും ഏറ്റെടുത്ത് ഇതുപോലെ നഗരഹൃദയത്തിലൂടെ പോകുന്ന WATER FRONTAGE നന്നാക്കി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; അങ്ങനെ ചെയ്താൽ പത്തോ പതിനഞ്ചോ വർഷം കഴിയുമ്പോൾ കേരളം നല്ലൊരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറും. അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. ഇത് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ടതാണെങ്കിലും, സർക്കാരിന്റെ ഒരു മേജർ പദ്ധതിയാണ് ജലഗതാഗത പാത. ജലഗതാഗത പാതയിൽ ഇടവിട്ട് ടൂറിസ്റ്റ് ഡെസ്റ്റിനേഷനെക്കൂടി വികസിപ്പിക്കുന്ന ഒരു സ്ഥിതിയുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അത് പല നിലകളിലും ഗുണം ചെയ്യും. കേരളം മുഴുവനായി ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി മാറ്റേണ്ടതാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഇപ്പോൾ ലോകത്ത് നിലനിൽക്കുന്ന പ്രധാന ട്രെൻഡായ കോൺഷ്യസ്

ട്രാവലിനെക്കുറിച്ച് സഭ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതിന്റെ പ്രത്യേകത, കൂടുതൽ ദൂരമുള്ള ഡെസ്റ്റിനേഷനുകളിലേയ്ക്ക് സഞ്ചാരികൾ പോകുകയാണ്. രണ്ടോമൂന്നോ ദിവങ്ങൾക്കുവേണ്ടിയല്ല മാസങ്ങളോളം അവിടെ താമസിക്കും. ചിലപ്പോഴത് ഒരു വർഷത്തിനടുത്തുമാകും. കോൺഷ്യസ് ട്രാവലിന് ഏറ്റവും പറ്റിയ സ്ഥലം കേരളമാണ്. കേരളത്തിന്റെ പ്രത്യേക സീസണുകളിൽ, മൺസൂൺ സീസണെടുത്താൽ ഏറ്റവുമധികം വിദേശികളെ കൊണ്ടുവരുന്നതിനും കർക്കിടക കഞ്ഞിപോലുള്ള നമ്മുടെ പ്രത്യേക വിഭവങ്ങൾ തയ്യാറാക്കി നൽകുന്നതിനും ആയുർവേദവുമായി ബന്ധപ്പെട്ട് കണക്ട് ചെയ്യാനും ഇതിലൂടെ സാധിക്കും. ഇപ്പോൾ നമുക്ക് ലഭിച്ച ടൈംസ് മാഗസിന്റെ ഏറ്റവും വലിയ അംഗീകാരം ലോകത്തെ പ്രധാനപ്പെട്ട 50 ഡെസ്റ്റിനേഷനുകളിൽ ഒന്ന് കേരളമാണെന്നുള്ളതാണ്. ഇതുമായി കണക്ട് ചെയ്തുകൊണ്ട് വേൾഡ് ട്രെൻഡ് ദീർഘകാലത്തേയ്ക്ക് താമസിക്കാൻ ദീർഘദൂരത്തുനിന്നും വരുന്ന കോൺഷ്യസ് ട്രാവലേഴ്സിന്റെ പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റാനുള്ള ഇടപെടലുകൾ തീർച്ചയായി നടത്താവുന്നതാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ ദിനം പ്രതി സന്ദർശിക്കുന്ന ബേക്കൽ ഫോർട്ട് ലോക ഭൂപടത്തിൽ ഇടം നേടിയതാണ്. ഇവിടെ ബേക്കൽ എയർസ്ട്രിപ്പ് നേരത്തെ പരിഗണനയിലുണ്ടായിരുന്നതാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 126 ലക്ഷം രൂപ അതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. ഈ എയർ സ്ട്രിപ്പ് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടായി മാറിയാൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. പി.പി.പി. അടിസ്ഥാനത്തിൽ എയർ സ്ട്രിപ്പ് നിർമ്മിക്കാൻ നിരവധി ഏജൻസികൾ തയ്യാറായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം നേരത്തെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വളരെ പോസിറ്റീവായിതന്നെയാണ് ഈ വിഷയത്തിൽ സർക്കാർ ഇടപെടുന്നത്. വിമാനത്താവളങ്ങളിലെത്തുന്ന സഞ്ചാരികളെ എയർ സ്ട്രിപ്പ് പോലുള്ള പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെത്തിക്കുന്നതെങ്ങനെ എന്നതാണ് ഇതിനോട് കൂട്ടിച്ചേർത്തുപറയേണ്ട ഒരു പ്രശ്നം. ഉത്തരേന്ത്യയിൽനിന്നും ഫ്ലൈറ്റിൽ

വരുന്ന ഒരു സന്ദർശകന് നെടുമ്പാശ്ശേരിയിൽ ഇറങ്ങി റോഡുമാർഗ്ഗം പെട്ടെന്ന് മൂന്നാറിലെത്താൻ സാധിക്കില്ല. അതിന് മണിക്കൂറുകളെടുക്കും. മൂന്നാറിൽ ഒരു ഹെലിപാഡുണ്ടാകുകയും വിമാനത്താവളത്തിൽനിന്നും പത്തുപന്ത്രണ്ടുപേർക്ക് പോകാൻ സാധിക്കുന്ന ഹെലികോപ്റ്റർ ഉപയോഗിച്ച് മൂന്നാറിലെത്തുക, അത്തരത്തിൽ ഹെലി ടൂറിസത്തിന്റെ സാധ്യതകൂടി ടൂറിസം വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. കേരളത്തിന്റെ പലയിടങ്ങളിലും ഹെലിപാഡുകൾ നിർമ്മിച്ച് ഹെലി ടൂറിസം നടപ്പാക്കുന്ന വിഷയം പരിശോധിക്കാം. തിരുവനന്തപുരം, നെടുമ്പാശ്ശേരി, കണ്ണൂർ, കരിപ്പൂർ വിമാനത്താവളങ്ങളിലെത്തുന്ന ഒരു സന്ദർശകന് അവിടെനിന്നും ബന്ധപ്പെട്ട സ്ഥലത്തേക്ക് താമസംകൂടാതെ എത്താൻ സാധിക്കും. ഇത്തരത്തിൽ നാല് വിമാനത്താവളങ്ങളുള്ള ഒരു സംസ്ഥാനംകൂടിയാണ് കേരളം. അത് എത്രത്തോളം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും ഹെലിടൂറിസത്തിന്റെ സാധ്യത കേരളത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും ആലോചിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വേൾഡ് മാപ്പിൽ കേരളം സ്ഥാനംപിടിച്ചിട്ട് കുറച്ചുകാലമായി. അതിന് കാരണമാകുന്നത്

കേരളത്തിന്റെ പച്ചപ്പും മിതമായ കാലാവസ്ഥയും ബാക്ക് വാട്ടറുമാണ്. എന്നാൽ ഇവയെല്ലാംതന്നെ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ചെയ്യുമെന്ന നിലയിൽ വിട്ടിരിക്കുകയാണ്. ഇത് എവിടെയും എത്താൻ പോകുന്നില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റിന് ഒരു വൺ ടൈം സൊല്യൂഷനില്ലെങ്കിൽ ആ സ്ഥാനം നമുക്ക് നഷ്ടമാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തെ കഴുകി വൃത്തിയാക്കാതിരുന്നാൽ സന്ദർശകർ ഇങ്ങോട്ട് വരാതാകും. ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും വൺ ടൈം സൊല്യൂഷനുണ്ടോ; കായലുകളുടെയും നദികളുടെയും മലിനീകരണം കൂടുതൽ പ്രശ്നമായി വരുകയാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് കൃത്രിമമായി നിർമ്മിച്ച കനോലി കനാലിലൂടെ പൊന്നാനിവരെ വെള്ളം എത്തിക്കാൻ അവർക്ക് സാധിച്ചു. ഇന്നത് മാലിന്യം നിറഞ്ഞുകവിഞ്ഞ് കിടക്കുകയാണ്. അത് വൃത്തിയാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുമോ; ഇല്ലെങ്കിൽ അധികം വൈകാതെ പ്രസ്തുത മാപ്പിൽ നമ്മുക്കുള്ള സ്ഥാനം നഷ്ടമാകും.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉന്നയിച്ചത്. കേരളമുണ്ടായതിനുശേഷം, ശുചിത്വമിഷന്റെ ഭാഗമായി മാലിന്യം നീക്കം ചെയ്യുന്നതിന് ഏറ്റവുമധികം പ്രാധാന്യം കൊടുത്ത സർക്കാരാണ് 2016-21-ലെ സർക്കാർ എന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം അത് തുടർന്നുകൊണ്ടേയിരിക്കുന്നു. ഇവിടെ പറഞ്ഞത് ഒരു പ്രധാന വിഷയമാണ്. കനോലി കനാലിന്റെയും സായിപ്പിന്റെ ചരിത്രം ഞാനിപ്പോൾ പറയുന്നില്ല. ഇതൊരു പ്രധാന വിഷയമാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് ഈ സർക്കാർ 'കനാൽ സിറ്റി' എന്ന ഒരു പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു, ആയിരം കോടിയിലധികം രൂപയാണ് സർക്കാർ ആ പദ്ധതിക്കുവേണ്ടി ചെലവഴിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട് നഗരത്തിലൂടെ പോകുന്ന കനാലിനെ ശുചീകരിച്ചും നല്ല നിലയിൽ വികസിപ്പിച്ചും ടൂറിസ്റ്റ് സ്പോട്ടാക്കി മാറ്റുന്ന കനാൽ സിറ്റി പദ്ധതി നടപ്പായാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വളരെ

ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. മാലിന്യം ഒരു പ്രധാന പ്രശ്നമാണ്. അത് കൂട്ടായിതന്നെ അഡ്രസ് ചെയ്ത് പരിഹരിച്ച് പോകേണ്ടതുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, തെന്മല ഇക്കോ ടൂറിസം പദ്ധതി ഏഷ്യയിലെതന്നെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയാണ്. സർക്കാർ പ്രഖ്യാപിച്ച ജൈവ വൈവിധ്യ സർക്ക്യൂട്ട് തീർത്ഥാടന സർക്ക്യൂട്ടുകളുമായി കണക്ഷനുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. അനന്തമായ ടൂറിസം സാധ്യതകൾ ആ മേഖലയിലുണ്ട്. അങ്ങ് നേരിട്ട് അവിടം സന്ദർശിച്ച്, അവിടത്തെ സാധ്യതകൾ മനസ്സിലാക്കി, അവിടെത്തെ ടൂറിസം വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. വളരെ ഫോക്കസ് ചെയ്യപ്പെടുന്ന ഒരു മേഖലയാണിത്. അതിന്റെ ഭാഗമായിട്ടാണ് ബയോ ഡൈവേഴ്സിറ്റി സർക്ക്യൂട്ട് ബഡ്ജറ്റിൽതന്നെ പ്രഖ്യാപിച്ചത്. നമ്മുടെ

രാജ്യത്തെ സംസ്ഥാനങ്ങളുടെ ബഡ്ജറ്റ് ചരിത്രം പരിശോധിച്ചാൽ, ഒരു ബയോ ഡൈവേഴ്സിറ്റി സർക്ക്യൂട്ട് ടൂറിസം മേഖലയിൽ പ്രഖ്യാപിക്കുന്ന ആദ്യ സംസ്ഥാനം കേരളമാണെന്ന് വളരെ അഭിമാനത്തോടെ പറയാൻ കഴിയും. ആ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആലോചനകൾ ഇപ്പോൾ നടത്തിയിട്ടുണ്ട്. നമുക്ക് പ്രത്യേകമായി നടപ്പിലാക്കേണ്ട ഒരു പദ്ധതിയായി എടുത്ത് ഇത് പരിശോധിച്ച് ഉടൻതന്നെ മുന്നോട്ടുപോകാവുന്നതാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, എന്റെ മണ്ഡലത്തിൽപ്പെടുന്ന കാപ്പാട് ചരിത്രപ്രസിദ്ധമായ ഒരു ടൂറിസ്റ്റ് മേഖലയാണ്. അതുപോലെതന്നെ തിക്കോടി ഡ്രൈവ് - ഇൻ ബീച്ച്, കോടിക്കൽ ബീച്ച് എന്നിവിടങ്ങളിൽ വലിയ തിരക്കാണ്, പോലീസുകാർതന്നെ തിരക്ക് നിയന്ത്രിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. പക്ഷെ, വളരെ അപകടം പിടിച്ച ഒരു സ്ഥലവുമാണ്. അതുപോലെതന്നെ അകലാപ്പുഴ, ഇന്ന് നാലോ അഞ്ചോ സ്വകാര്യ ഹൗസ് ബോട്ടുകൾ അവിടേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. ഇവിടെയെല്ലാം

സർക്കാരിന്റെ ഒരു സപ്പോർട്ടുണ്ടെങ്കിൽ ഏറ്റവും മികച്ച ഒരു ടൂറിസ്റ്റ് മേഖലയായി മാറ്റാൻ കഴിയും. കാപ്പാട് പ്രവാസികളെല്ലാം ചേർന്നുകൊണ്ട് അവിടെയൊരു വലിയ റിസോർട്ട് പണിയുന്ന രീതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. ടൂറിസ്റ്റ് മേഖലയ്ക്ക് ആശാസ്യകരമാകുന്ന ഒരു രീതിയാണിത്. ഇതിനെല്ലാം ഗവൺമെന്റിന്റെ സപ്പോർട്ട് നല്ല രീതിയിലുണ്ടാകണമെന്നാണ് പറയാനുള്ളത്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെതന്നെ പ്രധാനപ്പെട്ട ഒരു സ്പോട്ടാണ് കാപ്പാട്. കാപ്പാടിന്റെ ചരിത്രവും അതിന്റെ പ്രത്യേകതകളും നമുക്ക് അറിയാവുന്നതാണ്. കേരളത്തിന്റെ കടലോര മേഖലയിലെ മനോഹരമായ സ്ഥലങ്ങളിൽ ഒന്നാണ് കാപ്പാട്. ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടുതവണ, ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെ ചില ആലോചനകൾ നടത്തിയിട്ടുണ്ട്. ഇവിടെ പറഞ്ഞ സ്ഥലങ്ങൾ, കാപ്പാട് മാത്രമല്ല, അകലാപ്പുഴ പോലുള്ള സ്പോട്ടുകൾ പരിശോധിച്ച് മുന്നോട്ടുപോകുന്ന കാര്യം

പരിഗണിക്കാവുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന ഒന്നാണ് വള്ളംകളികൾ. ഇത്തവണത്തെ വള്ളംകളി നടത്താനുള്ള തീരുമാനമെടുക്കുമ്പോൾ അതിൽ പ്രാദേശിക തലത്തിലുള്ള വള്ളങ്ങളെക്കൂടി ഉൾപ്പെടുത്താനും ഇതുപോലുള്ള വള്ളങ്ങൾക്ക് ടൂറിസം വകുപ്പിന്റെ ധനസഹായം നൽകാനുമുള്ള നടപടിയുണ്ടാകുമോയെന്നാണ് അറിയേണ്ടത്. കാരണം പ്രാദേശിക വള്ളംകളികൾക്കൂടി പ്രോത്സാഹിപ്പിക്കേണ്ടത് ഇതിന്റെ ഭാഗമായി പരിഗണിക്കേണ്ട ഒന്നാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയമാണിത്. അവർക്കൊരു ധനസഹായം നൽകുന്ന പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രാദേശിക വള്ളംകളികളെ തീർച്ചയായും പ്രോത്സാഹിപ്പിക്കേണ്ട ഒന്നാണ്, അക്കാര്യം പരിശോധിക്കുന്നതാണ്. അതിനെപ്പറ്റി പറയുമ്പോൾ ഒരു കാര്യംകൂടി

സൂചിപ്പിച്ചു. നെഹ്റു ട്രോഫി വള്ളംകളി, ചാമ്പ്യൻസ് ബോട്ട് ലീഗ്, പ്രളയവും കോവിഡ് വ്യാപനവുംമൂലം ചാമ്പ്യൻസ് ബോട്ട് ലീഗ് ഒരു തവണയെ നടത്താൻ കഴിഞ്ഞിട്ടുള്ളൂ. ഇത്തവണ ചാമ്പ്യൻസ് ബോട്ട് ലീഗും നെഹ്റു ട്രോഫി വള്ളംകളിയും പുനരാരംഭിക്കാൻ തീരുമാനിച്ച സന്തോഷ വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ പറഞ്ഞ പ്രാദേശിക വള്ളംകളികൾ മാത്രമല്ല, പ്രാദേശികമായ കേരളത്തിലെ നദികളുടെ പ്രത്യേകതകൾ, മറ്റ് പ്രത്യേകതകൾ, ഇവയെ അഡ്വഞ്ചർ സ്പോർട്സുമായി എങ്ങനെ ബന്ധിപ്പിക്കാമെന്നത് സംബന്ധിച്ച് ആലോചിക്കുന്നതിനായി ഒരു ടീമിനെ നിശ്ചയിച്ചിട്ടുണ്ട്. ആ നിലയിൽ പ്രാദേശികമായിതന്നെ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതാണ്. മറ്റൊരു സന്തോഷ വിവരംകൂടി അറിയിക്കുകയാണ്. കേരളത്തിൽ കുറച്ചുകാലമായി മുടങ്ങിക്കിടന്ന ഓണാഘോഷം വളരെ വിപുലമായി നടത്താൻ ടൂറിസം വകുപ്പ് തീരുമാനിച്ച വിവരംകൂടി അറിയിക്കുകയാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, അരുവിക്കുഴി ടൂറിസം പ്രോജക്ടിന്റെ രണ്ട്

ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പക്ഷെ അത് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടിയുള്ള ഒരു പ്രോജക്ടായി കൺവെർട്ട് ചെയ്യണമെന്ന നിർദ്ദേശമാണുണ്ടായത്. ഗ്രാമപ്പഞ്ചായത്തിനെ സംബന്ധിച്ച്, അതിനുള്ള സാമ്പത്തിക സ്ഥിതി നിലവിലില്ലാത്ത സാഹചര്യത്തിൽ, ഡിപ്പാർട്ടുമെന്റുതന്നെ മുൻകൈയെടുത്ത് അതിന്റെ മൂന്നാം ഘട്ടം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു കേന്ദ്രമെന്ന നിലയിൽ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് സൂചിപ്പിച്ച കാര്യം പരിശോധിക്കാവുന്നതാണ്. മറ്റേത് ഡെസ്റ്റിനേഷൻ ചലഞ്ചാണ്. അത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചർച്ച ചെയ്ത് പ്രഖ്യാപിച്ച പദ്ധതിയാണ്. അതിൽ ആദ്യഘട്ടമായി 50 കോടി രൂപയാണ് ടൂറിസം വകുപ്പ് ചെലവഴിച്ചത്. ഒരു ഡെസ്റ്റിനേഷനിൽനിന്നും

മറ്റൊന്നിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതിയാണിത്. അതിൽ നാൽപ്പത് ശതമാനം ത്രിതല പഞ്ചായത്തും 60 ശതമാനം ടൂറിസം വകുപ്പും പരമാവധി 50 ലക്ഷം രൂപവരെയാണ്. ആ പദ്ധതിയൽ ഇതിനെ ഉൾപ്പെടുത്തണമോ, അത് അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളെ എക്സ്പ്ലോർ ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണ്. ഇതിനെ പ്രത്യേകമായിതന്നെ പരിശോധിക്കണമോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കോവിഡിനുശേഷം നമ്മുടെ ആഘോഷങ്ങളിലും ഉത്സവങ്ങളിലും, വേല, വെടിക്കെട്ട്, പൂരങ്ങളിലും കുടുംബസമേതമുള്ള കുത്തൊഴുക്കാണ് സംസ്ഥാനത്തുടനീളം കണ്ടത്. അതിസാഹസിക ടൂറിസം ആഗ്രഹിക്കുന്ന ചെറുപ്പക്കാർ നമ്മുടെ നാട്ടിൽ ഒരുപാടുണ്ട്. വനം വകുപ്പുമായി ചേർന്ന്, നമ്മുടെ വനാന്തരങ്ങളിലെ കാഴ്ചകൾ കാണുന്നതിനും ആസ്വദിക്കാനും കഴിയുന്ന തരത്തിലുള്ള ട്രക്കിംഗിന് പുതിയ തീരുമാനമെടുക്കാൻ കഴിയുമോ, അവരുമായി ആലോചിച്ച് ട്രക്കിംഗ്

സൗകര്യം ഏർപ്പെടുത്താൻ വിനോദ സഞ്ചാര വകുപ്പ് തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ട്രക്കിംഗിന്റെ സാധ്യതകൾ പരിശോധിച്ച്, വനംവകുപ്പുമന്ത്രിയുമായി ഒരു റൗണ്ട് ചർച്ച നടത്തിക്കഴിഞ്ഞു. ഏറ്റവും സൗകര്യപ്രദമായ വാഹനങ്ങൾ ഒരുക്കാൻ കഴിയണം. സഞ്ചാരികൾ ഒരിക്കൽ സന്ദർശിച്ചാൽ, വീണ്ടും ധൈര്യത്തോടെ അദ്ദേഹവുമായി ബന്ധപ്പെട്ടവരെ വരുത്താൻ കഴിയുന്ന നിലയിലേയ്ക്ക് മാറ്റാൻ സാധിക്കണം. ഇക്കാര്യം വനം വകുപ്പുമായി ചർച്ച ചെയ്തു, അനന്ത സാധ്യതകളാണ് കേരളത്തിലുള്ളത്. വനം വകുപ്പുമന്ത്രിക്കും ഇക്കാര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. ആയത് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിലെ ടൂറിസമെന്നുപറയുന്നത് വള്ളംകളികൂടി ചേർന്നതാണ്, അതിൽ തർക്കമൊന്നുമില്ല. ബഹുമാനപ്പെട്ട കുട്ടനാട് അംഗം, ശ്രീ. തോമസ് കെ. തോമസ്, ആയിനത്തിലെ ഒരു

ചാമ്പ്യൻകുടിയാണ്. എന്റെ ചോദ്യം, 83 വർഷം പഴക്കമുള്ള, നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുവിന്റെ പേരിൽ ദേശീയ പാതയുടെ സമീപം നടക്കുന്ന, ആയിരത്തോളം പേർക്കിരുന്ന് കാണാൻ കഴിയുന്ന വളരെ മനോഹരമായ പവലിയനുള്ള, വിദേശ ടൂറിസ്റ്റുകൾ പോലും കാണാൻ വരുന്ന ഈ വള്ളംകളിയെ ചാമ്പ്യൻസ് ലീഗിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഈ വള്ളംകളിയെ ചാമ്പ്യൻസ് ലീഗിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ കാര്യം, ചാമ്പ്യൻസ് ലീഗിന്റെ നടത്തിപ്പുകാരുമായി ചർച്ച ചെയ്ത് പരിശോധിക്കുന്നതാണ്. പല മത്സരങ്ങളേയും ചാമ്പ്യൻസ് ലീഗിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരുപാട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞങ്ങൾക്ക് ഏറെ പ്രതീക്ഷയുള്ള മന്ത്രിയാണ് ശ്രീ. പി. എ. മുഹമ്മദ് റിയാസ്. പൊതുമരാമത്ത്

വകുപ്പിലായാലും ടൂറിസം വകുപ്പിലായാലും യുവജനക്ഷേമ കാര്യത്തിലായാലും വളരെ പ്രതീക്ഷയുണ്ട്. പ്രതീക്ഷയ്ക്കൊത്ത് അദ്ദേഹം ഉയർന്ന് പ്രവർത്തിക്കുന്നുമുണ്ട്. എനിക്ക് ഒരു റിക്വസ്റ്റുള്ളത്, ആലപ്പുഴ ജില്ലയിലെ കനാൽതോട് ഏറ്റവുമധികം വിദേശ സഞ്ചാരികൾ എത്തിച്ചേരുന്ന സ്ഥലമാണ്. ആ തോടിന്റെ അവസ്ഥ വളരെ മോശമാണ്, അങ്ങ് അടിയന്തരമായി ഇടപെട്ട് നന്നാക്കാനുള്ള സംവിധാനമുണ്ടാക്കണം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് മറ്റൊരു വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ട വിഷയമാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ജൈവ വൈവിധ്യ സർക്ക്യൂട്ട്, ലിറ്ററി സർക്ക്യൂട്ട്, തീർത്ഥാടന സർക്യൂട്ട് എന്നിവപോലെ നമ്മുടെ സ്വാതന്ത്ര്യ സമര കേന്ദ്രങ്ങളേയും നവോത്ഥാന കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂറിസം വകുപ്പ് നേരിട്ടോ സാംസ്കാരിക വകുപ്പുമായി ചേർന്നോ ഒരു പ്രത്യേക പരിപാടി തയ്യാറാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, തീർച്ചയായും ഇത്

പരിഗണിക്കേണ്ട വിഷയമാണ്. അതിനായി എം.എൽ.എ.മാർകൂടി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നേരത്തെ മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട് ഇത്തരമൊരു പ്രൊപ്പോസൽ മുന്നോട്ടുവച്ചിരുന്നു. അവിടത്തെ എം.എൽ.എ.മാർ എല്ലാവരുംകൂടി ചേർന്നുകൊണ്ട് കർഷക സമരത്തിന്റെ ഭാഗമായി, ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ്, ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ, ഡോ. കെ. ടി. ജലീൽ മുൻ മന്ത്രി ശ്രീ. എ. പി. അനിൽകുമാർ എന്നിവർ ഇവിടെയുണ്ട്. മലപ്പുറം ജില്ലയുടെ ചരിത്രപ്രാധാന്യമുള്ള സ്ഥലം, കർഷക സമരം അത് പ്രത്യേകമെടുത്ത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കേണ്ടതുണ്ട്. നിരവധി പോരാട്ടങ്ങൾ നടന്ന ഭൂമികളുണ്ട്. അങ്ങനെ പ്രാധാന്യമുള്ള സ്ഥലങ്ങളെ പ്രത്യേകം സർക്യൂട്ടുകളാക്കി, ഓരോ ജില്ലയിലേയും സാധ്യതകളുള്ള സ്ഥലങ്ങൾ പരിശോധിച്ച് മുന്നോട്ടുപോകാവുന്നതാണ്. അതിന് എം.എൽ.എ.മാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ചാലിയാർ നദിയെ ബേയ്സ്

ചെയ്തുകൊണ്ട് ടൂറിസം പ്രോജക്ട് തയ്യാറാക്കുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേരളത്തിലെ 44 നദികളിൽ ഏറ്റവും വലിയ നാലാമത്തെ നദിയാണ് ചാലിയാർ. പല കാരണങ്ങളാൽ ചാലിയാർ അഡ്വഞ്ചർ സ്പോർട്സിൽ നിന്നും മാറി നിൽക്കുന്ന സ്ഥിതിയാണുള്ളത്. എന്നാൽ ഇത്തവണ കേരള ചരിത്രത്തിൽ ആദ്യമായി (ചാമ്പ്യൻസ് ബോട്ട് ലീഗ് വന്നിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ) ചാലിയാറിൽ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ അനുബന്ധ പരിപാടി നടക്കുന്നുവെന്നുള്ള വിവരം പ്രത്യേകമായി ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. നിലമ്പൂരിൽനിന്നാണ് ഇത് ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട നിലമ്പൂർ അംഗം ശ്രീ. പി. വി. അൻവർ പ്രത്യേകമായി ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ നിലമ്പൂർ, വണ്ടൂർ, ഏറനാട്, കൊണ്ടോട്ടി, കുന്ദമംഗലം, ബേപ്പൂർ എന്നീ ആറ് മണ്ഡലങ്ങളിലൂടെ പോകുന്ന ചാലിയാറിനെ ടൂറിസത്തിനുവേണ്ടി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതാണ്. ഇത്തവണ ഒരു തുടക്കം മാത്രമാണ്. അടുത്തതവണ ചാലിയാർ ടൂറിസത്തെ നല്ലരീതിയിൽ പ്രോത്സാഹിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ചോദ്യത്തിന്മേലുള്ള ചർച്ചയ്ക്ക് അര മണിക്കൂറിലധികം സമയമെടുക്കുകയും ധാരാളം അംഗങ്ങൾ ഉപചോദ്യം ചോദിക്കുകയും ചെയ്തു. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്.

**തൊഴിൽ രംഗത്ത് സ്ത്രീകൾക്കെതിരെയുള്ള ചൂഷണം തടയാൻ നടപടി**

(*392) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്ത് തൊഴിൽ രംഗത്ത് സ്ത്രീകൾക്കെതിരെയുള്ള ചൂഷണം കുറച്ചുകൊണ്ടുവരുന്നതിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിൽ നിയമങ്ങളും മറ്റ് പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സാധാരണക്കാരായ സ്ത്രീ തൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ അവബോധം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് ' The Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act-2013. ഈ നിയമപ്രകാരം ഇന്റേർണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിലുടമകളുടെ ഉത്തരവാദിത്വമാണ്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന അവസരങ്ങളിൽ ഇതുസംബന്ധിച്ച പരിശോധന നടത്താറുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1961-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും 16.09.2015-ലെ ജി.ഒ.(പി) നമ്പർ 134/15/തൊഴിൽ. ഉത്തരവുപ്രകാരം ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ലാട്രിൻ/ശുചിമുറി സംവിധാനം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസസൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ടി ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെയും സ്വാശ്രയ കോളേജുകളിലെയും സ്ത്രീ ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചും പരിശോധന നടത്തിവരികയാണ്. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന

അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം സംസ്ഥാന തൊഴിൽ വകുപ്പ് ' സഹജ' എന്ന പേരിൽ സജ്ജീകരിച്ചിട്ടുണ്ട്. കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരാതി ലഭിക്കുന്ന മുറയ്ക്കും സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റത്തിൽ ഷെഡ്യൂൾ ചെയ്യുന്ന മുറയ്ക്കും സ്ഥാപനങ്ങളിൽ പരിശോധന നടത്തി മേൽ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താറുണ്ട്. അല്ലാത്തപക്ഷം സ്ഥാപനങ്ങൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും തുടർന്നും

നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട നിയമപ്രകാരം തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരികയാണ്.

(സി) കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാന തൊഴിൽ വകുപ്പ് സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി 'സഹജ' എന്ന പേരിൽ ഒരു കോൾ സെന്റർ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് വനിത കോൾ സെന്റർ എക്സിക്യൂട്ടീവിനെ 180042555215 എന്ന ടോൾ ഫ്രീ നമ്പരിൽ നേരിട്ട് വിളിച്ച് അറിയിക്കാവുന്നതാണ്. ഈ നമ്പറിൽ ലഭിക്കുന്ന കോളുകൾ തൊഴിലാളി ആഗ്രഹിക്കുന്ന പക്ഷം അവരുടെ ഐഡന്റിറ്റി വെളിവാക്കാതെ തന്നെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്നുണ്ട്. പരാതിക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കോൾ

സെന്റർ എക്സിക്യൂട്ടീവ് നൽകുകയും ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് പരാതി കൈമാറുകയും ആയത് രജിസ്റ്റർ ചെയ്ത് വിവരങ്ങൾ ഉടൻതന്നെ സന്ദേശമായി പരാതി നൽകിയ തൊഴിലാളിക്ക് ലഭിക്കുകയും ചെയ്യും. ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ ദ്രുതഗതിയിൽ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളികൾക്ക് ഇരിപ്പിടം അവകാശമാക്കിയും സ്ത്രീ തൊഴിലാളികളെ രാത്രി സമയം ജോലിക്ക് നിയോഗിക്കുമ്പോൾ തൊഴിലുടമ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളെസംബന്ധിച്ചും എല്ലാ ജില്ലകളിലും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള ' ആസാദി കാ അമൃത് മഹോത്സവ് എന്ന ആഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് സ്ത്രീ ജീവനക്കാർക്ക് അവരുടെ അവകാശങ്ങളെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി എല്ലാ ജില്ലകളിലും പ്രചാരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. അൻവർ സാദത്ത്: സർ, സ്ത്രീകൾ പല രീതിയിലാണ് തൊഴിൽ മേഖലകളിൽ

ചൂഷണം ചെയ്യപ്പെടുന്നത്. നിരവധി തൊഴിൽ നിയമങ്ങൾ നിലവിലുണ്ട്. തൊഴിലിടങ്ങളിൽ ശൗചാലയം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സ്ത്രീകൾക്ക് ഏർപ്പെടുത്തണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാലിത് ഫലപ്രദമായി നടക്കാത്തതിനാൽ സ്ത്രീകൾ തൊഴിൽരംഗത്ത് വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. മനുഷ്യാവകാശ പ്രശ്നംകൂടിയായ ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഈ തൊഴിലിടങ്ങളിൽ ഉടൻതന്നെ പരിശോധന നടത്തി അടിസ്ഥാനസൗകര്യമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതുസംബന്ധിച്ച് നേരത്തെ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 1992-ൽ Patwari vs Rajasthan എന്ന കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വരികയുണ്ടായി. പ്രസ്തുത കേസ് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് എല്ലാ തൊഴിലിടങ്ങളിലും കമ്മിറ്റി ഉണ്ടാക്കണമെന്ന് തീരുമാനിച്ചത്. ഇപ്പോൾ സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ

സ്ഥാപനങ്ങളിലും കമ്മിറ്റി രൂപീകരിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും പറഞ്ഞിട്ടുണ്ട്. സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലെ സീനിയർ ആയിട്ടുള്ള വനിത കമ്മിറ്റിയുടെ ചെയർമാനും പുറത്തുനിന്നുള്ള സാമൂഹ്യപ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റി എല്ലാ സ്ഥലത്തും രൂപീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമുണ്ടെങ്കിൽ ആ കമ്മിറ്റി കൂടണം. പരാതി ലഭിച്ചാൽ അടിയന്തരമായിത്തന്നെ കമ്മിറ്റി കൂടണം. ഇതിനുപുറമെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ 'സഹജ' പോർട്ടലിലൂടെ പരാതി കൊടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള കാര്യങ്ങളിന്മേൽ പരാതി നൽകാൻ വലിയ പ്രയാസമാണ്. കാരണം, തുച്ഛമായ ശമ്പളത്തിൽ കുടുംബജീവിതം മുന്നോട്ടുപോകാൻവേണ്ടി, കുടുംബത്തിലെ പ്രാരാബ്ധങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണ് ഇവർ ജോലിക്ക് വരുന്നത്. ജോലി പോകുമോയെന്ന ഭയംകൊണ്ട് സ്വാഭാവികമായും അവർ പരാതി നൽകില്ല. അവിടെയാണ് ഗവൺമെന്റ് സംവിധാനം പരിശോധന നടത്തേണ്ടത്.

എന്റെ അടുത്ത ചോദ്യം, നെടുമ്പാശ്ശേരി ഉൾപ്പെടെ പല അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെയും സ്ത്രീ ജീവനക്കാർ പലപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ട്. എങ്ങനെയാണ്; അവർക്ക് മിനിമം വേജസ് കൊടുക്കുന്നുണ്ട്. പക്ഷെ, അതുകൊണ്ട് സ്വാഭാവികമായും അവർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഫെയർ വേജ്; ജിവിക്കാനാവശ്യമായ വേതനം എയർപോർട്ടുകളിൽ ജോലി ചെയ്യുന്ന പാവപ്പെട്ട സഹോദരിമാർക്ക് കിട്ടുന്നില്ലെന്നത് സത്യമാണ്. അതുകൊണ്ട് തൊഴിൽ വകുപ്പ് ഇടപെട്ട് ഇതിനൊരു പരിഹാരം കണ്ടെത്താൻ സാധിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം തൊഴിൽ വകുപ്പിന് രേഖാമൂലം നൽകിയാൽ അതിന് പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്താം. അങ്ങ് ഒരുകാര്യം മനസ്സിലാക്കേണ്ടത്, ഇന്ത്യാരാജ്യത്തുതന്നെ മിനിമം വേതനം ഏറെക്കുറെ നടപ്പിലാക്കിയ ഏക സംസ്ഥാനം ഈ കേരളം മാത്രമാണെന്ന കാര്യം മനസ്സിലാക്കണം. സംസ്ഥാനത്ത് 750, 800, 1000 രൂപ കൊടുക്കുമ്പോൾ ഗുജറാത്തിലും ഉത്തർപ്രദേശിലും രാജസ്ഥാനിലുമെല്ലാം 250, 300, 400

രൂപയാണ് മിനിമം വേതനം നൽകുന്നത്. ഏതാണ്ട് 42-ഓളം വരുന്ന തൊഴിലുകളെ സംബന്ധിച്ചിടത്തോളം മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി കൂടി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൊച്ചി എയർപോർട്ടിനെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ച കാര്യം പ്രത്യേക വിഷയമായെടുക്കാം. ബഹുമാനപ്പെട്ട അംഗമോ അവിടത്തെ ജീവനക്കാരോ ഇതുസംബന്ധിച്ചൊരു പരാതി നൽകുകയാണെങ്കിൽ അക്കാര്യം പരിഹരിക്കാം.

ശ്രീമതി ഉമ തോമസ്: സർ, സിനിമാമേഖലയും ഒരു തൊഴിൽ മേഖലയാണ്. ഈ രംഗത്ത് നടക്കുന്ന സ്ത്രീ ചൂഷണങ്ങളെപ്പറ്റി നിരവധി വാർത്തകൾ പുറത്തുവരുന്നുണ്ട്. ഇക്കാര്യത്തിലെ ജസ്റ്റിസ് ഹേമാ കമ്മീഷന്റെ റിപ്പോർട്ട് ഇരകളുടെ പേരുകൾ വെളിപ്പെടുത്താതെ ഇത്തരം പ്രവണതകൾ അതിജീവിക്കാനുള്ള ശിപാർശകളെങ്കിലും പുറത്തുവിടുന്നതിന് എന്ത് തടസ്സമാണുള്ളത്; ഈ ശിപാർശകൾ അടിയന്തരമായി പുറത്തുവിടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സാംസ്കാരിക വകുപ്പാണ് ഹേമ കമ്മീഷൻ റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട നടപടികളും

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സിനിമാ രംഗത്ത് ഇതുപോലുള്ള പല പരാതികളും കേൾക്കുന്നുണ്ട്. പരാതിയുള്ളവർ തൊഴിൽ വകുപ്പിനുകീഴിലുള്ള സഹജ പോർട്ടലിൽ പരാതി നൽകിയാൽ അവരുടെ പേര് വെളിപ്പെടുത്താതെതന്നെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, വിവിധ സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും പാർട്ട് ടൈം സ്വീപ്പർമാർ ഉൾപ്പെടെയുള്ള തസ്തികകളിൽ കുടുംബശ്രീ മുഖാന്തരം നിയമനങ്ങൾ നടത്തുന്നുണ്ട്. പക്ഷെ ഇത്തരം നിയമനങ്ങളിൽ ഇവരുടെ സേവന-വേതന വ്യവസ്ഥകളെയോ മറ്റ് ആനുകൂല്യങ്ങളെയോ സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല. അതിന് വലിയ അവ്യക്തത ഇപ്പോഴും തുടരുകയാണ്. തീർച്ചയായും ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ കുടുംബശ്രീ മുഖാന്തരം നിയമിക്കുന്ന സ്ത്രീതൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളും അവരുടെ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ഏറ്റവും വലിയ പ്രസ്ഥാനമാണ് കുടുംബശ്രീ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോഴെല്ലാം കുടുംബശ്രീക്ക് വലിയ സംരക്ഷണമാണ്

കൊടുത്തുകൊണ്ടിരിക്കുന്നത്. ചില ഘട്ടങ്ങളിൽ കുടുംബശ്രീയെ തകർക്കുന്നതിനുവേണ്ടി ജനശ്രീ രൂപീകരിക്കാൻ ചില കേന്ദ്രങ്ങൾ തയ്യാറായിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ കുടുംബശ്രീ മുഖാന്തരം ആശുപത്രികൾ ഉൾപ്പടെയുള്ള പല സ്ഥലങ്ങളിലും ഉദ്യോഗങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. എന്നാൽ അവിടെയിപ്പോൾ മിനിമം വേതനത്തിന്റെ പ്രശ്നമാണുള്ളത്. പരമാവധി മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങളായ പാവപ്പെട്ട സഹോദരിമാർക്ക് മിനിമം വേതനം കൊടുക്കേണ്ടതാവശ്യമാണ്. ഏതെങ്കിലും സ്ഥലത്ത് മിനിമം വേതനം കൊടുക്കാതെയുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ജോലി നൽകുന്ന സ്ഥാപനത്തിന്റെ സാമ്പത്തികശേഷി വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. മിനിമം വേതനം കൊടുക്കാൻ കഴിയാത്ത ചില സ്ഥാപനങ്ങളുണ്ടാകും. അവിടെ മിനിമം വേതനം നൽകുന്ന കാര്യത്തിൽ കുറവുണ്ടായെന്ന് വരാം.

മിനിമം വേതനം കൊടുക്കാൻ ശേഷിയുള്ള സ്ഥാപനങ്ങൾ ആയത് കൊടുക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും കർശന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തൊഴിലിടങ്ങളിലെ ചൂഷണങ്ങൾ പല രൂപത്തിലാണ് നടക്കുന്നത്. കശുവണ്ടി ഫാക്ടറികളിൽ കൂടുതലും സ്ത്രീ തൊഴിലാളികളാണ് ജോയി ചെയ്യുന്നത്. അവിടെ അഞ്ചു ദിവസം ജോലി ചെയ്താൽ മൂന്ന് ദിവസത്തെ ഹാജർ മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. 60 ദിവസം ജോലി ചെയ്യുമ്പോൾ 30 ദിവസത്തെ ഹാജർ മാത്രമായിരിക്കുമുള്ളത്. സംഭവിക്കുന്നതെന്താണെന്നുവച്ചാൽ അവരുടെ ചികിത്സയ്ക്കാവശ്യമായ ഇ.എസ്.ഐ.ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ നിശ്ചിത ദിവസം ജോലി ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. അങ്ങനെ വരുമ്പോൾ ജോലി ചെയ്തിട്ടുണ്ടെങ്കിലും കൃത്യമായി ഹാജർ രേഖപ്പെടുത്താത്തതുകാരണം പാവപ്പെട്ട തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. കശുവണ്ടി ഫാക്ടറികളിലടക്കമുള്ള ഹാജർ വെട്ടിപ്പ് തടയുന്നതിന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ കർശനമായ നടപടിയുണ്ടാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഏതെല്ലാം ഫാക്ടറികളിലാണ് ഇത്തരം സംഭവങ്ങൾ നടക്കുന്നതെന്ന് കത്ത് മുഖാന്തരം അറിയിച്ചാൽ എൻഫോഴ്സ്മെന്റ് വിംഗിനെ ചുമതലപ്പെടുത്തി അക്കാര്യം പരിശോധിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പൊതുവായി ഒട്ടേറെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അതിലേറ്റവും വ്യതിരിക്തമായ ഇടപെടലായിരുന്നു സ്ത്രീ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യമൊരുക്കുമെന്നുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനം. അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ചരിത്രപ്രസിദ്ധമായൊരു നിയമം നടപ്പിലാക്കാൻ സർക്കാർ തയ്യാറായത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും കച്ചവട സ്ഥാപനങ്ങളിലെ സ്ത്രീതൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യത്തിനായി

സ്റ്റൂളോ കസേരയോ  അനുവദിച്ചിരുന്നില്ലെന്ന കാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ തൊഴിൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഇരിപ്പിട സൗകര്യമൊരുക്കുന്നതിനുവേണ്ടി ഭേദഗതി ചെയ്ത 1960-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ടി നിയമം എല്ലാ സ്ഥലങ്ങളിലും പരിപൂർണ്ണമായി നടപ്പിലാക്കിയെന്ന് പറയാൻ സാധിക്കില്ല. പരമാവധി എല്ലാ സ്ഥലങ്ങളിൽ ടി നിയമം നടപ്പിലാക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇന്ത്യയിലെ തൊഴിൽ നിയമങ്ങളെല്ലാം ഒഴിവാക്കി കേന്ദ്ര ഗവൺമെന്റ് പുതിയ നിയമങ്ങൾ കൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന പുതിയ നിയമങ്ങളിലൂടെ  സംസ്ഥാനത്തെയും രാജ്യത്തെയും തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന നിയമപരമായ അവകാശങ്ങൾ ഇതോടുകൂടി ഇല്ലാതാവുകയാണ്. ഈയൊരു സാഹചര്യത്തെ സംസ്ഥാന സർക്കാർ എങ്ങനെ നേരിടുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യ രാജ്യത്ത് ഉണ്ടായിരുന്ന കാലഘട്ടം മുതൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള തൊഴിൽ നിയമങ്ങൾ നാട്ടിലുണ്ടായിരുന്നു. ഇന്ത്യയിൽ ഇരുപത്തൊൻപതോളം വരുന്ന തൊഴിൽ നിയമങ്ങളാണ് ഉണ്ടായിരുന്നത്. ആ ഇരുപത്തൊൻപതോളം തൊഴിൽ നിയമങ്ങൾ ഇന്ത്യയിലെ എല്ലാ വിഭാഗം തൊഴിലാളികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നവയായിരുന്നു. ഇരുപത്തൊൻപതോളം തൊഴിൽ നിയമങ്ങൾ മാത്രമല്ല; ഓരോ സംസ്ഥാനത്തും പ്രത്യേകമായി ചില തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്ന നിയമങ്ങളുമുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് ആ ഇരുപത്തൊൻപതോളം തൊഴിൽ നിയമങ്ങൾ മുഴുവൻ റദ്ദ് ചെയ്തശേഷം അതിനെ നാല് കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. ആ നാല് കോഡുകൾ പരിശോധിച്ചുനോക്കിയാൽ ഫലത്തിൽ എല്ലാ തീരുമാനവും അവസാനം എടുക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത് മുതലാളിയെയാണ്. ട്രേഡ് യൂണിയനുകൾക്ക് സംഘടിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവരുടെ അവകാശങ്ങൾ ചോദിക്കുന്നതിനും സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾ

സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള നിയമങ്ങൾ റദ്ദ് ചെയ്തിരിക്കുന്നു. ഇതാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളും ഇന്ത്യാരാജ്യത്തെ മുതലാളിമാർക്ക് തീരുമാനിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യ ഫെഡറൽ രാജ്യമായതിനാൽ ഇന്ത്യയിലെ ഗവൺമെന്റെടുക്കുന്ന തീരുമാനങ്ങളൊന്നും നടപ്പിലാക്കാൻ കഴിയില്ലെന്ന വെല്ലുവിളി നടത്താൻ സർക്കാരിന് കഴിയില്ല; പക്ഷേ കേരളത്തിൽ ഒരു തൊഴിലന്തരീക്ഷമുണ്ട്. തൊഴിൽ സൗഹൃദ, തൊഴിലാളി സൗഹൃദ സംസ്ഥാനമാണ് കേരളം. അങ്ങനെയൊരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുത്തതിൽ കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് വലിയൊരു പങ്കുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത് എല്ലാ നിയമങ്ങളും നടപ്പിലാക്കുന്ന കാര്യം പ്രയാസമാണ്. അതിനെസംബന്ധിച്ച് നടത്തിയ സെമിനാറിൽ ഐ.എൻ.റ്റി.യു.സി., ബി.എം.എസ്. ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനകളുടെ പ്രതിനിധികളും തൊഴിലുടമകളും വന്ന് സംസാരിക്കാൻ തയ്യാറായിട്ടുണ്ട്. കേരളത്തിന് നല്ലൊരു തൊഴിൽ

അന്തരീക്ഷമുണ്ട്. ആ തൊഴിൽ അന്തരീക്ഷം സ്ഥാപിച്ചുകൊണ്ടും തൊഴിലാളികളുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുമുള്ള തീരുമാനമായിരിക്കും കേരളം എടുക്കാൻ പോകുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി ആഭ്യന്തരപരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act 2013 പ്രകാരം സംസ്ഥാനത്തെ പത്തിൽ കൂടുതൽ സ്ത്രീതൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി Anti Sexual Harassment Committee രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിലിടങ്ങളിൽ നടപ്പാക്കുന്നുണ്ടോയെന്ന് തൊഴിൽവകുപ്പ് പരിശോധിക്കുന്നുണ്ട്. കൂടാതെ, കേരള ഷോപ്പ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 പ്രകാരം സ്ത്രീതൊഴിലാളികൾ

ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ഇന്റേർണൽ ഗ്രിവൻസ് കമ്മിറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽവകുപ്പുദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന അവസരങ്ങളിൽ ഇക്കാര്യം പരിശോധിക്കുകയും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരികയുമാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി സ്ത്രീ സുരക്ഷയ്ക്ക് അങ്ങേയറ്റം പ്രാധാന്യം നൽകി ഇടപെടുന്നൊരു സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇവിടെ രാവിലെ മുതലുള്ള ചർച്ചയിലൂടെ സ്ത്രീ തൊഴിലാളികൾക്കുവേണ്ടിയും, അവർക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയും ഒട്ടനവധി കാര്യങ്ങൾ ചെയ്തതായി വ്യക്തമാക്കുകയുണ്ടായി. ഇന്റേർണൽ കംപ്ലയിന്റ് കമ്മിറ്റികൾ എല്ലാ സ്ഥാപനങ്ങളിലുമുണ്ടെങ്കിലും ഇത് മോണിറ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രത്യേകമായ ഇടപെടൽ നടത്തുമോ; സ്ത്രീ ജീവനക്കാർക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ തൊഴിൽ സ്ഥാപനങ്ങളിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, തുല്യജോലിക്ക് തുല്യവേതനമെന്ന ആശയം വളരെ ശക്തമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നത് കേരളമാണ്. തുല്യജോലിക്ക് തുല്യവേതനം എന്നുള്ള മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാരാജ്യത്ത് ഏകദേശം പത്തോളം വരുന്ന ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ മൂന്നിലധികം പ്രാവശ്യം ദേശീയ പണിമുടക്ക് നടത്താൻ തയ്യാറായിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ പറയുന്ന കാര്യങ്ങളിൽ ഏതാണ്ടൊക്കെ നടപ്പിലാക്കുന്നത് കേരളം മാത്രമാണ്. 1976 -ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് (Equal Remeneration Act) പ്രകാരം തൊഴിലാളികളിൽ സ്ത്രീ-പുരുഷ ഭേദമന്യേ ഒരേ ജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്. സ്ത്രീ തൊഴിലാളികൾക്ക് തുല്യവേതനം കൊടുക്കണമെന്ന ആക്ട് രാജ്യത്ത് നിലവിലുണ്ടെങ്കിലും അത് നടപ്പിലാക്കുന്നില്ല. അതൊരു തീരുമാനമായി പരിഗണിച്ച് കാര്യങ്ങൾ വിശദമായി പരിശോധിച്ച് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. തൊഴിലിടങ്ങളിലെ ഇന്റേർണൽ കമ്മിറ്റിയെ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. എല്ലാ തൊഴിലിടങ്ങളിലും പ്രസ്തുത കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പറയാൻ

സാധിക്കില്ല. അക്കാര്യത്തിൽ ശക്തമായൊരു ഇടപെടൽ ഇനിയും ആവശ്യമാണ്. അതിനുവേണ്ടിയുള്ള പരിശ്രമം നടത്താം.

ശ്രീമതി ശാന്തകുമാരി. കെ.: സർ, കേരളത്തിലെ തൊഴിൽ രംഗത്ത് ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം സ്ത്രീകളും വിദ്യാസമ്പന്നരാണ്. അതോടൊപ്പംതന്നെ ആനുപാതിക തൊഴിൽരംഗത്ത് ഇനിയും സ്ത്രീ ജീവനക്കാർ കടന്നുവരേണ്ടതായിട്ടുണ്ടെന്ന യാഥാർത്ഥ്യം നിൽക്കുമ്പോൾ തന്നെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ധാരാളം സ്ത്രീകളുമുണ്ട്. അവരെ സംബന്ധിച്ചിടത്തോളം അനിവാര്യമായ പ്രസവാനുകൂല്യം ഉറപ്പുവരുത്തുന്ന കാര്യത്തിൽ തൊഴിൽവകുപ്പ് എന്തു നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: സർ, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിരിക്കുകയാണ്. കേന്ദ്ര സർക്കാർ ഇതിലൂടെ എന്താണ് ഉദ്ദേശിക്കുന്നതെന്നറിയില്ല. ഏതായാലും 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം തൊഴിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് പ്രസവാനുകൂല്യം നൽകണമെന്ന് നിലവിലെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017-ലെ മെറ്റേണിറ്റി

ബെനിഫിറ്റ് (ഭേദഗതി) ആക്ടനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് 26 ആഴ്ച ശമ്പളത്തോടുകൂടി പ്രസവാവധി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി തൊഴിൽവകുപ്പ് ഉദ്യോഗസ്ഥൻമാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സംസ്ഥാനത്ത് ഗാർഹികമേഖലയിൽ ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഗാർഹികമേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു നിയമത്തിന് രൂപം കൊടുക്കുമെന്നും അവർക്കായി ക്ഷേമനിധി നടപ്പിലാക്കുമെന്നും പറഞ്ഞിരുന്നതാണ്. ആയതിന്റെ നടപടിക്രമങ്ങൾ എത്രത്തോളമായിട്ടുണ്ട്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നും രണ്ടും സർക്കാരുകൾ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഗാർഹികമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റവും പ്രധാനപ്പെട്ടവ തന്നെയാണ്. സംസ്ഥാനത്താകെ

നോക്കിയാൽ വീടുകളിൽ ജോലി ചെയ്യുന്ന ധാരാളം സ്ത്രീ തൊഴിലാളികളുണ്ടെന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. എന്നാൽ, അവർക്ക് തുച്ഛമായ ശമ്പളം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മെച്ചപ്പെട്ട ശമ്പളം കിട്ടുന്ന സ്ഥലങ്ങളുമുണ്ട്. ഏതായാലും ഗാർഹികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തുന്നതിനും അവർക്ക് മാന്യമായ ശമ്പളം ലഭിക്കുന്നതിനും മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനുമായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

## തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

(* 393) ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി)സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; കോവിഡ് 19-ന്റെ

പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ അതിരൂക്ഷമായിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ)നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം സ്വയംതൊഴിൽ പദ്ധതികളായ ശരണ്യ, കെസ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ, നവജീവൻ എന്നിവ നടപ്പിലാക്കുന്നതിലൂടെ തൊഴിലില്ലായ്മ നിരക്ക് ഒരു പരിധി വരെ കുറയ്ക്കുന്നതിന് സഹായകരമാകുന്നുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും, ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചുവഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സാധിക്കുന്നുണ്ട്. നിയുക്തി മെഗാ ജോബ് ഫെയറുകളും തൊഴിൽമേളകളും സംഘടിപ്പിക്കുക വഴി സ്വകാര്യ മേഖലകളിലെ നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 9585 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന, 2021-22 സാമ്പത്തിക

വർഷത്തിൽ 5725 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോൺ അനുവദിച്ചിട്ടുണ്ട്.

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി മികവിന്റെ കേന്ദ്രങ്ങളിലൂടെയും അക്രെഡിറ്റഡ് സ്ഥാപനങ്ങളിലൂടെയും നാളിതുവരെയായി 16,053 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും 4,903 പേർക്ക് വിദേശത്തും സ്വദേശത്തുമായി തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ അന്വേഷകരെയും തൊഴിലുടമകളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ സ്റ്റേറ്റ് ജോബ് പോർട്ടലിൽ തൊഴിൽമേളകൾ വഴിയും അല്ലാതെയും നാളിതുവരെ 3389 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. സങ്കൽപ്പ് പദ്ധതിയുടെ ഇൻക്ലൂഷൻ കംപോണന്റ് മുഖേന നാളിതുവരെ 25 വിദ്യാർത്ഥികൾക്ക് വിജയകരമായി പരിശീലനം നൽകുകയും അതിലൂടെ എല്ലാവർക്കും തൊഴിൽ നൽകുവാനും സാധിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) മുഖേന നാളിതുവരെ 27,042 പേർക്ക് പരിശീലനം നൽകുകയും അതിൽ 22,524 പേരുടെ അസ്സെസ്സ്മെന്റ് പൂർത്തിയാക്കി 19,223 പേർക്ക്

സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും, ഇവരിൽ 5,840 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു.

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി പ്രകാരം 2530 പേർക്ക് കെ-ഡിസ്ക് ഇതിനോടകം തൊഴിൽ നൽകിയിട്ടുണ്ട്.

കേരളത്തിലെ യുവജനതയ്ക്ക് വിദേശരാജ്യങ്ങളിൽ അനുയോജ്യമായ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്ന തൊഴിൽ വകുപ്പിനുകീഴിലുള്ള ഒരു സ്ഥാപനമാണ് 'ഒഡെപെക്. കേരളത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധിവരെ ഒഡെപെക് സഹായിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി നേടാനാകുന്ന തരത്തിൽ നൈപുണ്യ വികസന പരിശീലനങ്ങളും വിദേശഭാഷാ പരിശീലനങ്ങളും ഒഡെപെക് നൽകി വരുന്നുണ്ട്. 2016 മെയ് മുതൽ ഇതുവരെ 2748 പേർക്ക് ഒഡെപെക് മുഖേന വിദേശത്തേക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

നോർക്ക വകുപ്പ് വഴി നടപ്പിലാക്കുന്ന "പ്രവാസി കേരളീയരുടെ പുനരധിവാസം, പുന:ക്രമീകരണം, ഏകോപനം" എന്ന പദ്ധതി വഴി ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് പുതിയ തൊഴിൽ

നൽകുന്നതിനും, വീണ്ടും മറ്റു രാജ്യങ്ങളിലേയ്ക്ക് കുടിയേറാൻ അവസരങ്ങൾ ഒരുക്കുകയും, സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ മുതലായവ തുടങ്ങാൻ സഹായിക്കുകയും തൊഴിൽ വൈദഗ്ധ്യം നേടുന്നതിന് പരിശീലനം നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 4 സ്വയം തൊഴിൽ പദ്ധതികൾ നോർക്ക റൂട്ട്സിൽ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പിനുകീഴിൽ തൊഴിലില്ലായ്മ നിരക്ക് സംബന്ധിച്ച് സർവേ നടത്തിയിട്ടില്ല. എന്നാൽ, കേന്ദ്ര സർക്കാരിന് കീഴിലുള്ള Statistics & Programme Implementation മന്ത്രാലയത്തിന്റെ Periodic Labour Force Survey (PLFS) പ്രകാരം കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് മുൻപും ശേഷവുമുള്ള സംസ്ഥാന-ദേശീയ തൊഴിലില്ലായ്മാ നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു:-

(ശതമാനത്തിൽ)

| | കേരളം | കേന്ദ്രം |
|---|---|---|
| കോവിഡ് വ്യാപനത്തിന് മുൻപ് | 16.3 | 9.1 |
| കോവിഡ് വ്യാപനത്തിന് ശേഷം | | |
| 2020 June | 27.3 | 20.8 |
| 2022 March | 13.2 | 8.2 |

ശ്രീ. ടി. സിദ്ദിഖ്: സർ, സംസ്ഥാന ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ സാമ്പത്തിക അവലോകന റിപ്പോർട്ട് 2021 പ്രകാരം, കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് അതിവേഗം വർദ്ധിക്കുകയാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനം കുറഞ്ഞു വരികയും ചെയ്യുന്നു. 2010 മുതൽ അത് കുറയുകയാണ്, 2015-ൽ മാത്രമാണ് അത് കൂടിയിട്ടുള്ളത്, 2016, 2017, 2018, 2019, 2020 ൽ അത് കുറഞ്ഞ് വരികയാണ്. അനാരോഗ്യമായിട്ടുള്ള തൊഴിൽ പ്രവണതയാണ് പ്രധാന പ്രശ്നം. എന്റെ ചോദ്യം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സ്ഥിരം, താൽക്കാലിക നിയമനങ്ങൾ മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും, പി.എസ്.സി. വഴിയുമാക്കാനുള്ള ശക്തമായ നടപടികൾക്ക് നേതൃത്വം കൊടുക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇപ്പോഴും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുമാണ് നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ സംബന്ധിച്ച് പ്രത്യേകിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. പരാതിലഭിച്ചാൽ അക്കാര്യം പരിശോധിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, അതുസംബന്ധിച്ച് പലയിടത്തും പരാതിയുണ്ട്. കേരളത്തിലെ ചില പ്രൈവറ്റ് സ്ഥാപനങ്ങളിൽ അൺ-എയിഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മിനിമം വേജസ് പാലിക്കുന്നതിനുവേണ്ടി മിനിമം വേജസ് റെക്കോർഡിൽ അത് രേഖപ്പെടുത്തും. പക്ഷെ അതേസമയത്തുതന്നെ.........

**(ചോദ്യോത്തരസമയം കഴിഞ്ഞു.)**